2020 ലെ കാലവർഷ മുന്നൊരുക്കൾ ചർച്ച ചെയ്യുന്നതിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാ കലക്ടർ, പാലക്കാടിന്റെ അദ്ധ്യക്ഷതയിൽ 14/05/2020 ന് രാവിലെ 11 മണിക്ക് കലക്ടറേറ്റിൽ വെച്ച് ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.

ഡിസിപികെഡി/4466/2019/ജെ5

തിയ്യതി - 15/05/2020

യോഗത്തിൽ ഹാജരായവർ

1) അഡ്വ.കെ.ശാന്തകുമാരി, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, പാലക്കാട്.
2) ശ്രീ.ശിവ വിക്രം, ജില്ലാ പോലീസ് മേധാവി, പാലക്കാട്.
3) ശ്രീ.വിജയൻ.റ്റി, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, പാലക്കാട്.
4) ശ്രീ.അരുൺ ഭാസ്കർ, ജില്ലാ ഫയർ ഓഫീസർ, പാലക്കാട്.
5) ശ്രീ.ഇ.കെ.അബ്ദുള്ള, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, മലമ്പുഴ.
6) ഡോ.അനൂപ് കുമാർ.റ്റി.എൻ, ഡെപ്യൂട്ടി ഡി.എം.ഒ, പാലക്കാട്.

യോഗത്തിലേയ്ക്ക് എല്ലാവരെയും ജില്ലാ കലക്ടർ സ്വാഗതം ചെയ്തു. കഴിഞ്ഞ രണ്ട വർഷങ്ങളിലായി ഉണ്ടായിട്ടുള്ള മണ്ണിടിച്ചിലിന്റെയും, പ്രളയത്തിന്റെയും പശ്ചാത്തലത്തിൽ വരുന്ന കാലവർഷത്തിനു മുന്നോടിയായി പാലക്കാട് ജില്ലയിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് തീരുമാനം എടുക്കുന്നതിനാണ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം വിളിച്ച ചേർത്തിരിക്കുന്നതെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

ശരാശരി മഴ പ്രതീക്ഷിച്ച കൊണ്ട് ജില്ലയിൽ സ്വീകരിക്കേണ്ടതായ മുൻകരുതലുകളും, പ്രളയം ഉണ്ടാകുകയാണെങ്കിൽ അതിനെ അഭിമുഖീകരിക്കുന്നതിനു വേണ്ട തയ്യാറെടുപ്പുകളുമാണ് പ്രധാനമായും ജില്ലയിൽ നടപ്പിലാക്കേണ്ടതെന്ന് ജില്ലാ കലക്ടർ അറിയിച്ചു. തുടർന്ന് 2018-19 വർഷങ്ങളിൽ പ്രകൃതി ദുരന്തങ്ങൾ ഉണ്ടായതിനു ശേഷം ജില്ല നേരിട്ട പ്രശ്നങ്ങളെ കുറിച്ചും, ആയത് ഈ വർഷവും ആവർത്തിക്കാതിരിക്കുന്നതിനായി എന്തൊക്കെ മുന്നൊരുക്കങ്ങൾ വിവിധ വകുപ്പുകൾക്ക് സ്വീകരിക്കാനാവും എന്നതിനെ കുറിച്ചും യോഗത്തിൽ പങ്കെടുത്ത ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, ജില്ലാ പോലീസ് മേധാവി, മറ്റ ഉദ്യോഗസ്ഥർ എന്നിവരുമായി ജില്ലാ കലക്ടർ ചർച്ച ചെയ്തു. യോഗത്തിൽ ലഭിച്ച അഭിപ്രായങ്ങൾ മാനിച്ച കൊണ്ട് താഴെ പറയുന്ന തീരുമാനങ്ങൾ ജില്ലയിൽ നടപ്പിലാക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി തീരുമാനിച്ചു.

1) കോവിഡ്-19 രോഗ വ്യാപനം ഗണ്യമായി വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ മറ്റ പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിനുള്ള മുന്നൊരുക്കങ്ങൾ ആരോഗ്യ വകുപ്പ് സ്വീകരിക്കേണ്ടതാണ്. (**നടപടി** - ആരോഗ്യ വകുപ്പ്)

2) കാലവർഷത്തിനു മുന്നോടിയായി വെള്ളം ഒഴുകി പോകുന്ന എല്ലാ സ്രോതസ്സുകളും പ്രധാനമായും അഴുക്ക ചാലുകൾ, കനാലുകൾ, തോടുകൾ മുതലായവ വൃത്തിയാക്കി വെള്ളം സുഗമമായി ഒഴുകി പോകുന്നതിനുള്ള നടപടികൾ എം.ജി.എൻ.ആർ.ഇ.ജി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം എന്നീ വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്. (**നടപടി** - എം.ജി.എൻ.ആർ.ഇ.ജി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം എന്നീ വകുപ്പുകൾ)

Scanned with CamScanner

3) അഴുക്ക വെള്ളം ഒഴുകി പോകുന്നതിനായി നിലവിൽ ആരംഭിച്ചിട്ടുള്ള പുതിയ ചാലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എം.ജി.എൻ.ആർ.ഇ.ജി.എസ് ത്വരിതപ്പെടുത്തേണ്ടതാണ്.

**(നടപടി** - എം.ജി.എൻ.ആർ.ഇ.ജി.എസ്)

4) നിലവിൽ ചെറുകിട ജലസേചന വകുപ്പ് ആരംഭിച്ചിട്ടുള്ള പുഴകളിലെ ചെക്ക് ഡാം / റിസർവോയർ എന്നിവയുടെ നിയന്ത്രിത പ്രദേശങ്ങളിൽ അടിഞ്ഞു കൂടിയിട്ടുള്ള എക്കൽ, ചെളി, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്ന പ്രവൃത്തികൾ കാലവർഷം ആരംഭിക്കുന്നതിനു മുൻപ് പൂർത്തീകരിക്കേണ്ടതാണ്.

**(നടപടി** - ചെറുകിട ജലസേചന വകുപ്പ്)

5) മരങ്ങളും, മരച്ചില്ലകളും പൊട്ടി വീണ് വൈദ്യുതി വിതരണത്തിൽ തകരാറുകൾ ഉണ്ടാകാതിരിക്കുന്നതിനും, കൂടുതൽ അപകടങ്ങൾ സംഭവിക്കാതിരിക്കുന്നതിനും ഭീഷണിയായി നിൽക്കുന്ന എല്ലാ മരച്ചില്ലകളും, മരങ്ങളും മുറിച്ച് മാറ്റുന്നതിനുള്ള നടപടികൾ വൈദ്യുതി വകുപ്പ് സ്വീകരിക്കേണ്ടതാണ്.

**(നടപടി** - വൈദ്യുതി വകുപ്പ്)

6) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഉണ്ടായിട്ടുള്ള ദുരന്തങ്ങളുടെ അടിസ്ഥാനത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് വൈദ്യുതി വിതരണ പ്രശ്നങ്ങൾ ഗുരുതരമായി ബാധിച്ചിട്ടുള്ളതെന്ന കാര്യം പരിശോധിച്ച് വൈദ്യുതി വകുപ്പ് ഹോട്ട് സ്പോട്ടുകൾ, ആക്ഷൻ പ്ലാൻ എന്നിവ തയ്യാറാക്കേണ്ടതാണ്.

**(നടപടി** - വൈദ്യുതി വകുപ്പ്)

7) കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്ന പൈപ്പുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് ശരിയാക്കുന്നതിനുള്ള നടപടികളും, കുടിവെള്ളം വിതരണം ചെയ്യുന്നതിൽ തടസ്സങ്ങൾ വരുന്നില്ലെന്ന് ഉറപ്പു വരുത്തുന്ന കാര്യങ്ങളും വാട്ടർ അതോറിറ്റി സ്വീകരിക്കേണ്ടതാണ്.

**(നടപടി** - വാട്ടർ അതോറിറ്റി).

8) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്. **(നടപടി** - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ)

9) അടിയന്തര ഘട്ടങ്ങളിൽ ലഭ്യമാക്കേണ്ട എല്ലാ സേവനങ്ങൾക്കും ബന്ധപ്പെട്ടവരുടെ ഫോൺ നമ്പരുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, വില്ലേജ് ഓഫീസുകളിലും സൂക്ഷിക്കണം.

**(നടപടി** - റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ)

10) റിസോഴ്സ് മാപ്പിംഗ് നടത്തുന്നതിനായി വകുപ്പിൻ കീഴിലുള്ള റിസോഴ്സുകളുടെ വിവരങ്ങൾ (ബോട്ട്, ജെ.സി.ബി, ആംബുലൻസ്, കട്ടറുകൾ തുടങ്ങി ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായവ) വകുപ്പ് മേധാവികൾ റിപ്പോർട്ട് ചെയ്യണം. ദുരന്ത ഭീഷണി നിലനിൽക്കുന്ന സ്ഥലങ്ങളിൽ മുൻകൂറായി സ്വരൂപിക്കേണ്ട കാര്യങ്ങൾ ലഭ്യമാണെന്ന കാര്യം ഉറപ്പു വരുത്തണം. ആവശ്യമുള്ള കാര്യങ്ങളുടെ ലിസ്റ്റ് ഓരോ പോലീസ് സ്റ്റേഷനിലും തയ്യാറാക്കണം.

**(നടപടി** - സ്റ്റേഷൻ ഹൌസ് ഓഫീസർമാർ, വകുപ്പ് മേധാവികൾ)

11) പ്രാദേശിക തലത്തിൽ ഉണ്ടാകുന്ന ദുരന്തങ്ങളെ കുറിച്ച് പ്രദേശവാസികൾക്ക് അറിയിപ്പുകളും, ഭീഷണി നിലനിൽക്കുന്ന സ്ഥലങ്ങളിൽ (ഹോട്ട് സ്പോട്ട്) ആദ്യ ഘട്ടത്തിലും (31/05/2020 നു മുൻപ്) തുടർന്ന് മറ്റു സ്ഥലങ്ങളിലും പോലീസ് സ്റ്റേഷൻ തലത്തിൽ സ്റ്റേഷൻ ഹൌസ് ഓഫീസറുടെ നേതൃത്വത്തിൽ ഫയർ ഫോഴ്സ്, പഞ്ചായത്ത്, റവന്യൂ തുടങ്ങി ദുരന്തനിവാരണവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി മോക്ക് ഡ്രില്ലുകളും പോലീസ് വകുപ്പ് നടത്തേണ്ടതാണ്.

**(നടപടി** - പോലീസ് വകുപ്പ് )

Scanned with CamScanner

12) മോക്ക് ഡ്രില്ലുകൾ സംബന്ധിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് റിപ്പോർട്ട് ചെയ്യണം.
(**നടപടി** - പോലീസ് വകുപ്പ്)

13) ഏതൊക്കെ ഘട്ടങ്ങളിൽ ഡാമുകൾ തുറക്കേണ്ട സാഹചര്യം ഉണ്ടാകുമെന്ന കാര്യം ജലസേചന വകുപ്പ് റൂൾ കർവ് അനുസരിച്ച് മുൻകൂട്ടി കാണണം. ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ പ്രകാരം ഡാമുകൾ തുറന്നു വിടുന്ന സാഹചര്യത്തിൽ ഏതൊക്കെ സ്ഥലങ്ങളിൽ വെള്ളം കയറുവാൻ സാധ്യതയുണ്ടെന്ന കാര്യം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, പോലീസ് സ്റ്റേഷനുകളിലും അറിയിപ്പ് നൽകണം. പൊതുജനങ്ങൾക്കും ആവശ്യമായ മുന്നറിയിപ്പ് യഥാസമയം നൽകണം. (**നടപടി** - ജലസേചന വകുപ്പ് )

14) മലമ്പുഴയിൽ മഴ കൂടുതൽ ലഭിക്കുന്നത് ടി പ്രദേശത്തെ കാടുകളിലായതിനാൽ കാടിനുള്ളിൽ മഴമാപിനി സ്ഥാപിക്കണം. ആയതിന് വനം വകുപ്പിന്റെ അനുമതി ദുരന്ത നിവാരണ അതോറിറ്റി ലഭ്യമാക്കുന്നതാണ്. (**നടപടി** - ജലസേചന വകുപ്പ് )

15) ഐ.എ.ജി വൊളണ്ടിയർമാരുടെ ലഭ്യത താലൂക്ക് തലത്തിൽ കൂടി ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ തഹസിൽദാർമാർ സ്വീകരിക്കേണ്ടതാണ്. (**നടപടി** - റവന്യൂ വകുപ്പ് )

16) സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലെ അപകട ഭീഷണി നിലനിൽക്കുന്ന മരച്ചില്ലകളും, മരങ്ങളും പൊട്ടിവീണുണ്ടാകുന്ന അപകടങ്ങളും, ജീവഹാനിയും ഒഴിവാക്കുന്നതിന് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും, അപകട ഭീഷണി നിലനിൽക്കുന്ന മരച്ചില്ലകളും, മരങ്ങളും മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ പഞ്ചായത്ത് രാജ് / മുനിസിപ്പൽ ആക്ട്, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പ്രത്യേക ഉത്തരവുകൾ എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്. (**നടപടി** - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ )

17) സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരത്തുള്ള അപകട ഭീഷണി നിലനിൽക്കുന്ന മരച്ചില്ലകളും, മരങ്ങളും മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്ഥാപന മേധാവി സ്വീകരിക്കേണ്ടതാണ്. മരങ്ങൾ പൊട്ടി വീണ് ഉണ്ടാകുന്ന നാശനഷ്ടങ്ങളുടെ ഉത്തരവാദിത്വം സ്ഥാപന മേധാവി ഏറ്റെടുക്കേണ്ടതാണ്.

(**നടപടി** - എല്ലാ വകുപ്പുകളും)

18) അഗളി, പുതൂർ, ഷോളയൂർ, നെല്ലിയാമ്പതി പഞ്ചായത്തുകളിൽ ശക്തമായ മഴ ഉണ്ടാകുന്ന സമയത്ത് നെറ്റ് വർക്ക് ലഭിക്കാത്ത സാഹചര്യം ഉണ്ടാകുമെന്നതിനാൽ ടി പഞ്ചായത്തുകളിൽ സാറ്റലൈറ്റ് ഫോണിന്റെ ലഭ്യത പഞ്ചായത്ത് സെക്രട്ടറിമാർ / പ്രസിഡണ്ടുമാർ ഉറപ്പാക്കേണ്ടതാണ്. ഫോൺ നമ്പർ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കേണ്ടതാണ്. (**നടപടി** - പഞ്ചായത്ത് വകുപ്പ്).

19) കോവിഡ് 19 രോഗവ്യാപനം തുടരുന്ന സാഹചര്യത്തിൽ ഈ വർഷം മഴ ശക്തമാകുകയാണെങ്കിൽ ക്യാമ്പുകൾ തിരഞ്ഞെടുക്കുന്നതിലും, ക്യാമ്പുകളിൽ ആളുകൾ താമസിക്കുന്ന രീതിയിലും ദുർബലമായ പട്ടികയിൽ ഉൾപ്പെട്ട ആളുകളെ പ്രത്യേക മുറികളിൽ താമസിപ്പിക്കുന്ന നടപടികളിൽ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

(**നടപടി** - റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ).

20) എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലും ആരോഗ്യ വകുപ്പിന്റെ പരിശോധന ഉറപ്പാക്കേണ്ടതാണ്.
(**നടപടി** - ആരോഗ്യ വകുപ്പ് ).

Scanned with CamScanner

21) 60 വയസ്സിനു മുകളിൽ പ്രായമുള്ളവർ, ഗർഭിണികൾ, ക്യാൻസർ രോഗികൾ, മറ്റു ഗുരുതരമായ അസുഖം ബാധിച്ചവർ എന്നിവർ മഴ ശക്തമാകുന്ന സാഹചര്യം മുന്നിൽ കണ്ടു കൊണ്ട് ബന്ധു വീടുകളിലോ, സുഹൃത്തുക്കളുടെ വീടുകളിലോ മാറി താമസിക്കുന്നതിനുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ നൽകേണ്ടതാണ്.

(**നടപടി** - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ).

22) പ്രാദേശിക തലത്തിൽ ലഭ്യമാകുന്ന സ്വകാര്യ ആംബുലൻസുകളുടെ ഫോൺ നമ്പരുകൾ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും സൂക്ഷിക്കേണ്ടതാണ്. (**നടപടി** - ആരോഗ്യ വകുപ്പ്).

23) മഴക്കാലത്തുണ്ടാകുന്ന പകർച്ചവ്യാധികൾ പകരുന്നത് തടയുന്നതിനായി സർക്കാർ / സ്വകാര്യ / പൊതുമേഖല സ്ഥാപനങ്ങളിലും, വീടുകളിലും, മറ്റു പൊതു സ്ഥലങ്ങളിലും വെള്ളം കെട്ടി കിടക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ ബോധവത്ക്കരണം പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിക്കണം. (**നടപടി** - ആരോഗ്യ വകുപ്പ്)

24) ജി.ഒ.(ആർ.റ്റി) നം.280/2019/ഡിഎംഡി തിയ്യതി 09/05/2019 ഉത്തരവ് പ്രകാരം ഓറഞ്ച് ബുക്കിലെ (കാലവർഷ-തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗ രേഖ) നിർദ്ദേശ പ്രകാരം താലൂക്ക് തലത്തിൽ ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

(**നടപടി** - തഹസിൽദാർമാർ)

ജില്ലാ കലക്ടർ & ചെയർമാൻ
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

Scanned with CamScanner